ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. കെ. എ. രാമന് (ഇപ്പോൾ ലീവിൽ തുടരുന്നു) ധനതത്വശാസ്ത്രത്തിലുള്ള ബിരുദവും കാനഡയിലെ സി.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്രാജ്വേറ്റ് സ്റ്റഡീസിൽ നിന്നുള്ള എം.ബി.എ.-യും മുംബൈ ഭാരതീയ വിദ്യാഭവനിൽ നിന്ന് പേഴ്സണൽ മാനേജ്മെന്റ് ആന്റ് ഇൻഡസ്ട്രിയൽ റിലേഷൻസിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയും പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ജനറൽ മാനേജർ (മാർക്കറ്റിംഗ്) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. എസ്. എം. ആരിഫിന് മാർക്കറ്റിംഗിൽ എം.ബി.എ. ബിരുദവും വിദ്യാഭ്യാസ യോഗ്യതയുണ്ട്.

(സി) ഉണ്ട്.

കൈത്തറി മേഖലയിലുണ്ടായ പുരോഗതി

175 (4757) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പാക്കിയ പരിപാടികളുടെ അടിസ്ഥാനത്തിൽ, കൈത്തറി മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ; വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി മേഖലയ്ക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു:

1. സഹകരണ സംഘങ്ങൾക്ക് ഷെയർ പാർട്ടിസിപ്പേഷൻ
2. ഓണം, ക്രിസ്മസ്, വിഷു തുടങ്ങിയ വിശേഷ അവസരങ്ങളിൽ കൈത്തറി എക്സ്പോ നടത്തി വിപണന പ്രോത്സാഹനം
3. നാഷണൽ ഹാന്റ്ലൂം എക്സ്പോ
4. ഷോറൂം നവീകരണവും നിർമ്മാണവും
5. പരിശീലനവും വൈദഗ്ധ്യ പരിശീലനവും
6. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

7. കോൺടിബ്യൂട്ടറി ട്രിസ്റ്റ് ഫണ്ട്
8. പ്രോഡക്ട് ഡവലപ്മെന്റ് അസിസ്റ്റൻസ്
9. മൂല്യവർദ്ധിത, അധിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക
10. വർക്ക് ഷെഡുകളുടെ നവീകരണം, ഡൈ ഹൗസ് നവീകരണം
11. ഡൈയിംഗിൽ പരിശീലനം
12. കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണം
13. വിദഗ്ധ നെയ്ത്തുകാർക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം
14. നെയ്ത്തുകാർക്ക് പ്രചോദന പരിപാടി
15. ദൃശ്യ, പത്ര മാധ്യമങ്ങളിലൂടെയും റേഡിയോവഴിയും കൈത്തറി തുണികളുടെ പ്രചരണം
16. സ്കൂൾ കുട്ടികൾക്കായി ചിത്രരചനാ മത്സരം
17. കൈത്തറി ഉല്പന്നങ്ങൾ തിരിച്ചറിയാൻ കൈത്തറി മാർക്ക് രജിസ്ട്രേഷൻ
18. സ്വയം തൊഴിൽ പദ്ധതി
19. ഇൻകം സപ്പോർട്ട് പദ്ധതി
20. കേന്ദ്ര ഗവൺമെന്റിൽ കൈത്തറി മേഖലയുടെ പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്
21. മഹാത്മാഗാന്ധി ബുണ്ടർ ബീമാ യോജന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (എം.ജി.ബി.ബി.വൈ.)
22. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
23. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം
24. ടെക്നോളജി അപ്ഗ്രഡേഷൻ
25. കേന്ദ്ര ഗവൺമെന്റിന്റെ വീവേഴ്സ് ക്രഡിറ്റ് കാർഡ് പദ്ധതി
26. റിബേറ്റ്
27. ഓർഗാനിക് കോട്ടൺ തുണികളുടെ ഉല്പാദനം.

ടി പദ്ധതികൾ നടപ്പിലാക്കിയതിനാൽ കൈത്തറി മേഖലകളിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ട്. പുതുതായി 550 പേരെ നെയ്ത്തു പരിശീലനം നൽകി ഈ മേഖലയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. ജക്കാർഡ്, ഡോബി എന്നിവയിൽ 350 പേർക്ക് പരിശീലനം നൽകുകയും ഇവ ഉപയോഗിച്ച് ആകർഷകങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. നെയ്ത്തുകാരുടെ ഉല്പാദനക്ഷമത കൂട്ടുവാനും, വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റിഫോം & റിസ്ട്രക്ചറിംഗ് പാക്കേജ് അനുസരിച്ച് 355 കൈത്തറി സംഘങ്ങൾക്കും 1117 വ്യക്തിഗത യൂണിറ്റുകൾക്കും ഹാന്റ്ലൂമിനും പാക്കേജനുസരിച്ചുള്ള ആനുകൂല്യം നൽകി പുനരുദ്ധരിച്ചുകൊണ്ടിരിക്കുന്നു. 50 സൊസൈറ്റികളുടെ വർക്ക് ഷെഡ് നവീകരിച്ചു. 1000 നെയ്ത്തുകാർക്ക് വീടിനോടനുബന്ധിച്ചുള്ള ഷെഡുകൾ നവീകരിക്കാൻ സഹായം നൽകി. 176 വിദ്ധ നെയ്ത്തുകാർക്ക് ഉല്പാദനയൂണിറ്റുകൾ ആരംഭിക്കുവാൻ സഹായം നൽകുകയും അവയിൽ 70 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. ബാങ്കുകളുടെ സഹായത്തോടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം 59 യൂണിറ്റുകൾ തുടങ്ങാൻ സഹായം നൽകുകയും അതിൽ 55 യൂണിറ്റുകൾ ആരംഭിക്കുകയും 550 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. കോഴിക്കോട്, കൊല്ലം ജില്ലകളിൽ ഡൈയിംഗിൽ 20 പേർക്ക് വീതം പരിശീലനം നൽകി ഡൈയിംഗിനെ സജ്ജരാക്കി. ഇതിന്റെ ഫലമായി ഡൈയിംഗിന്റെ നിലവാരം ഈ ജില്ലകളിൽ ഉയർന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി മുഖാന്തരവും കൂസ്റ്റുകളിലെ ഡിസൈനർമാർ മുഖാന്തിരവും 1500 ഓളം പുതിയ ഡിസൈനുകൾ വികസിപ്പിക്കുകയും അവ സംഘങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ കൈത്തറി മേഖലയിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്യുന്നതിന്, അതായത് വിൽപ്പനയിലും ഉല്പാദനത്തിലും എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട് എന്നതിനെപ്പറ്റി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖാന്തിരം ഹാന്റ്ലൂം സർവ്വേ പുരോഗമിച്ചുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണ സംഭരണ മേഖലയിൽ വനിതാ വ്യവസായികൾ

176 (4758) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ വസ്തുക്കളുടെ സംഭരണം വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഭക്ഷ്യ സംസ്കരണ സംഭരണ മേഖലയിൽ വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായങ്ങൾ തുടങ്ങുന്നതിനുമായി ഏതെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിത വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്നതിനും മറ്റുമായി എത്ര രൂപയാണ് നീക്കിവച്ചത് ; അതിൽ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു ; 1-7-2011 മുതൽ 30-6-2015 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly